# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 16-06-2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1.) ഫ്രാൻസിൽ നടക്കുന്ന ജി 7 ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് പങ്കെടുക്കും. സുസ്ഥിരമായ ഭൂമിക്കായി ഇന്ത്യ പ്രതിജ്ഞാബദ്ധമെന്ന് പ്രധാനമന്ത്രി.

Prime Minister Narendra Modi will attend the G7 summit in France today. India is committed to a sustainable planet, said the Prime Minister.

2.) സെൻസസ് 2027 ന്റെ ഭാഗമായ സെൽഫ് എന്യൂമറേഷൻ നടപടികൾക്ക് കേരളത്തിൽ തുടക്കമായി, അടുത്ത ഘട്ട പ്രവർത്തനങ്ങൾ ജൂലൈ 1 മുതൽ.

Self-enumeration activities, part of Census 2027, have begun in Kerala. The next phase of activities will begin from July 1.

3.) ചെറിയ ഗ്രാമങ്ങളിൽ കഫ് സിറപ്പുകളുടെ വിൽപ്പനയ്ക്ക് നൽകിയിരുന്ന ഇളവ് പിൻവലിച്ച് കേന്ദ്ര സർക്കാർ, വിൽപ്പന ഇനി ലൈസൻസുള്ള ഫാർമസികൾ വഴി മാത്രം.

The central government has withdrawn the exemption given to the sale of cough syrups in small villages, and now the sale will be through licensed pharmacies only.

4) കേരളത്തിൽ കോഴിക്കോട് ഒരാൾക്ക് കൂടി മലേറിയ, സംസ്ഥാനത്തെ പകർച്ച വ്യാധി വ്യാപനം നിയന്ത്രിക്കാൻ ഹൈപ്പവർ കമ്മിറ്റി രൂപീകരിച്ചതായി ആരോഗ്യമന്ത്രി കെ മുരളീധരൻ

In Kerala one more person has been diagnosed with malaria. Health Minister K Muraleedharan said that a high-powered committee has been formed to control the spread of the disease in the state.

5.) യുക്രയിൻ- റഷ്യ സംഘർഷം അവസാനിപ്പിക്കുന്നതിനുള്ള ചർച്ചകൾക്കായി റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിനുമായി കൂടിക്കാഴ്ചയ്ക്ക് തയ്യാറെന്ന് ഉക്രേനിയൻ പ്രസിഡന്റ് വ്ളാഡിമർ സെലെൻസ്കി.

Ukrainian President Vladimir Zelensky said that he is ready to meet Russian President Vladimir Putin for talks to end the Ukraine-Russia conflict.

6.) ഫിഫ ലോകകപ്പ് ഫുട്ബോളിൽ ഇന്ന് ഫ്രാൻസ്-സെനഗൽ പോരാട്ടം.

In the FIFA World Cup football tournament, France will take on Senegal today.

## PM G7 VISIT (INTRO)

വിദേശപര്യടനം തുടരുന്ന പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഫ്രാൻസിലെ ഇവിയനിൽ നടക്കുന്ന ജി7 ഉച്ചകോടിയിൽ പങ്കെടുക്കും. അന്താരാഷ്ട്ര ഐക്യദാർഢ്യം പുനർനിർമ്മിക്കുക എന്ന വിഷയത്തിൽ നടക്കുന്ന വർക്കിങ്ങ് സെഷനിലാണ് ശ്രീ മോദി ഇന്ന് പങ്കെടുക്കുക. ജി7 ഉച്ചകോടിയിൽ പങ്കെടുക്കാനെത്തുന്ന പ്രധാനമന്ത്രി നരേന്ദ്ര മോദിയെ ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവേൽ മാക്രോൺ ഔദ്യോഗികമായി സ്വാഗതം ചെയ്യും. സുസ്ഥിരമായ ഭൂമിക്കായി ഇന്ത്യ- പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി സാമൂഹ്യമാധ്യമത്തിൽ കുറിച്ചു.

വിശദംശങ്ങളിലേക്ക്

## PM-MYGOV

വികസിത ഭാരതം എന്ന ദർശനം സാക്ഷാത്കരിക്കാൻ രാജ്യത്തെ ജനങ്ങൾക്കായി പുതുതലമുറ അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കാൻ കേന്ദ്ര സർക്കാർ പ്രതിജ്ഞാബദ്ധമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. കഴിഞ്ഞ 12 വർഷത്തിനിടെ രാജ്യത്തിന്റെ അടിസ്ഥാന സൗകര്യത്തിൽ വളർച്ചയുടെ പുതിയ വഴികൾ തുറന്നതായും ശ്രീ.മോദി വ്യക്തമാക്കി. സാമൂഹിക മാധ്യമത്തിൽ പങ്കുവെച്ചു കുറിപ്പിലാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത്.

## ANDHRA PRALHAD JOSHI

രാജ്യം 100 ശതമാനം റെയിൽവേ വൈദ്യുതീകരണത്തിലേക്ക് നീങ്ങുകയാണെന്നും ഇറക്കുമതിചെയ്യുന്ന ഡീസലിനെ ആശ്രയിക്കുന്നത്

നിർത്തുന്നതോടെ ഇന്ത്യയുടെ സുസ്ഥിര വളർച്ചയും അടിസ്ഥാന സൗകര്യവികസനവും ശക്തിപ്പെടുമെന്നും കേന്ദ്രമന്ത്രി പ്രൾഹാദ് ജോഷി. വിജയവാഡയിൽ രായണപാടു റെയിൽവേ സ്റ്റേഷനിൽ റെയിൽവേ വികസന പ്രവർത്തനങ്ങളുടെ പുരോഗതി അവലോകനം ചെയ്യുകയായിരുന്നു അദ്ദേഹം.

## GOYAL - FRANCE UPI

ഫ്രാൻസിലെ നീസ് മസേനയിൽ ആരംഭിച്ച UPI പണമിടപാട് സംവിധാനം കേന്ദ്ര മന്ത്രി പീയൂഷ് ഗോയൽ ഉദ്ഘാടനം ചെയ്തു. ഇന്ത്യയുടെ ലോകോത്തര ഡിജിറ്റൽ പേയ്മെന്റ് പ്ലാറ്റ്ഫോമിനെ ഫ്രാൻസിന്റെ മുൻനിര റീട്ടെയിൽ മേഖലകളിലൊന്നിലേക്ക് കൊണ്ടുവന്നത് സുപ്രധാന ചുവടുവയ്പ്പാണെന്ന് ശ്രീ ഗോയൽ സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

## INDIA -JAPAN - JCM

കാലാവസ്ഥാ വ്യതിയാനം തടയാനുള്ള നടപടി, ഹരിതഗൃഹ വാതക പുറംതള്ളൽ കുറയ്ക്കുക, സുസ്ഥിര വികസന സംരംഭങ്ങൾ എന്നിവയിൽ സഹകരണം വർദ്ധിപ്പിക്കുന്നതിനായി പാരീസ് കരാറിന്റെ കീഴിൽ സംയുക്ത ക്രെഡിറ്റ് മെക്കാനിസം നടപ്പാക്കുന്നതിനെ അംഗീകരിച്ച് ഇന്ത്യയും ജപ്പാനും. കഴിഞ്ഞ വർഷം ഒപ്പുവച്ച സഹകരണ ഉടമ്പടി പ്രകാരമാണ് ഇരു രാജ്യങ്ങളും നിയമങ്ങൾ അംഗീകരിച്ചത്.

## ZELENSKIY- G7

നാല് വർഷമായി യുക്രയിനും റഷ്യയുമായി നടക്കുന്ന സംഘർഷം അവസാനിപ്പിക്കുന്നതിനുള്ള ചർച്ചകൾക്കായി G7 ഉച്ചകോടിയിൽ വെച്ചോ അമേരിക്കയിൽ വെച്ചോ റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിനുമായി കൂടിക്കാഴ്ചയ്ക്ക് തയ്യാറെന്ന് ഉക്രേനിയൻ പ്രസിഡന്റ് വ്ളാഡിമർ സെലെൻസ്കി. എവിയൻ-ലെസ്-ബെയ്ൻസിൽ നടക്കുന്ന സമ്മേളനത്തിലേക്ക് റഷ്യൻ പ്രസിഡന്റിനെ ക്ഷണിക്കാൻ അമേരിക്ക സമ്മതിച്ചതായും ഇതൊരു മികച്ച അവസരമാണെന്നും മാധ്യമപ്രവർത്തകരോട് സംസാരിക്കവെ സെലെൻസ്കി പറഞ്ഞു.

## HEALTH - COUGH SYRUP

ചെറിയ ഗ്രാമങ്ങളിൽ കഫ് സിറപ്പുകളുടെ വിൽപ്പനയ്ക്ക് നൽകിയിരുന്ന ഇളവ് പിൻവലിച്ചു കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ച് കേന്ദ്ര സർക്കാർ. ഇതിന്റെ പശ്ചാത്തലത്തിൽ ഇനി മുതൽ ചെറിയ ഗ്രാമങ്ങളിൽ കഫ് സിറപ്പുകളുടെ വിൽപ്പനയും വിതരണവും ലൈസൻസുള്ള ഫാർമസികൾ വഴി മാത്രമേ നടത്താൻ സാധിക്കു. നേരത്തെ, ആയിരത്തിൽ താഴെ ജനസംഖ്യയുള്ള ഗ്രാമങ്ങളിൽ ലൈസൻസിംഗ് വ്യവസ്ഥകൾ പാലിക്കാതെ തന്നെ കഫ് സിറപ്പുകളുടെ വിൽപ്പന അനുവദിച്ചിരുന്നു.

❁❁❁❁❁❁❁❁❁

## FACT CHECK - UPSC EXAM

UPSC സിവിൽ സർവീസസ് പ്രിലിമിനറി പരീക്ഷാ ചോദ്യപേപ്പർ ചോർന്നെന്ന തരത്തിൽ പ്രചരിക്കുന്ന സമൂഹമാധ്യമ പോസ്റ്റുകൾ വ്യാജമെന്ന് കേന്ദ്ര സർക്കാർ. ഇത്തരം തെറ്റായ വാർത്തകൾ പ്രചരിപ്പിക്കരുതെന്നും ഔദ്യോഗിക സ്രോതസ്സുകളിൽ നിന്ന് മാത്രമേ വിവരങ്ങൾ പങ്കുവെയ്ക്കാവൂവെന്നും പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ വസ്തുതാ പരിശോധനാ വിഭാഗം അറിയിച്ചു.

❁❁❁❁❁❁❁❁❁

## CENSUS (INTRO)

കേരളത്തിൽ സെൻസസ് 2027 ഒന്നാം ഘട്ട നടപടിക്രമങ്ങൾക്ക് തുടക്കമായി. ലോക്ഭവനിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ ആർലേക്കർ സെൽഫ് എന്യൂമറേഷൻ പൂർത്തിയാക്കിയതോടെയാണ് സെൻസസ് ഒന്നാം ഘട്ടത്തിന് തുടക്കമായത്. മുഖ്യമന്ത്രി വി ഡി സതീശനും, ചീഫ് സെക്രട്ടറി എ ജയതിലകും സെൽഫ് എന്യൂമറേഷനിൽ പങ്കാളികളായി. സെൻസസ് പ്രക്രിയകളിൽ എന്യൂമറേറ്റർമാരുമായി ജനങ്ങൾ പൂർണമായും സഹകരിക്കണമെന്ന് ഗവർണർ ജനങ്ങളോട് ആഹ്വാനം ചെയ്തു.

(ഹോൾഡ്)

ഇന്നു മുതൽ 15 ദിവസത്തേക്ക് se.census.gov.in എന്ന പോർട്ടലിലൂടെ ജനങ്ങൾക്ക് വിവരങ്ങൾ സമർപ്പിക്കാം. അടുത്ത ഘട്ട പ്രവർത്തനങ്ങൾ കേരളത്തിൽ ജൂലൈ ഒന്ന് മുതൽ ആരംഭിക്കും. വീടുകളുടെ പട്ടിക തയ്യാറാക്കലും വീടുകളുടെ സെൻസസും ആണ് ഈ ഘട്ടത്തിൽ നടക്കുക. രണ്ടാം ഘട്ടമായ ജനസംഖ്യാ കണക്കെടുപ്പ് 2027 ഫെബ്രുവരിയിൽ നടക്കും. സെൻസസുമായി ബന്ധപ്പെട്ട സംശയങ്ങൾക്കും പരാതികൾക്കും പൊതുജനങ്ങൾക്ക് 1855 എന്ന ടോൾ ഫ്രീ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

## K MURALEEDHARAN

സംസ്ഥാനത്തെ നിപ - ഷിഗെല്ല പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കി യതായി ആരോഗ്യമന്ത്രി കെ മുരളീധരൻ. പകർച്ച വ്യാധി വ്യാപനം നിയന്ത്രിക്കാൻ ഹൈപ്പവർ കമ്മിറ്റി രൂപീകരിച്ചതായി അദ്ദേഹം തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ പറഞ്ഞു. WHO കൺസൾട്ടൻറായ ഡോക്ടർ എസ്.എസ് ലാലാണ് സമിതി ചെയർമാൻ. തിരഞ്ഞെടുപ്പ് കാരണം മഴക്കാല പൂർവ്വ ശുചീകരണം തടസ്സപ്പെട്ട തിനാൽ പകർച്ച വ്യാധിയുടെ വ്യാപനം ഈ വർഷം കൂടുതലാണെന്നും മന്ത്രി വ്യക്തമാക്കി. സംസ്ഥാനത്ത് ഈ മാസം 70 പേർക്ക് ഷിഗല്ല സ്ഥിരീകരിച്ച തായും, മലപ്പുറം, കോഴിക്കോട്, തൃശൂർ ജില്ലകളിലായി 5 പേർ ഷിഗെല്ല ബാധിച്ച് മരിച്ചതായും മന്ത്രി പറഞ്ഞു.

## MALARIA

കോഴിക്കോട് ജില്ലയിൽ ഒരാൾക്ക് കൂടി മലേറിയ റിപ്പോർട്ട് ചെയ്തു. ഒളവണ്ണ സ്വദേശിക്കാണ് രോഗബാധ. ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ പരിശോധനകൾ ആരംഭിച്ചു. ഇന്നലെ തിക്കോടിയിൽ മധ്യപ്രദേശ് സ്വദേശിക്കും മലേറിയ സ്ഥിരീകരിച്ചിരുന്നു.

## FIFA

ഫിഫ ലോകകപ്പ് ഫുട്ബോളിൽ ഇന്ന് ഫ്രാൻസ്-സെനഗൽ പോരാട്ടം. രാത്രി 12.30 നാണ് മത്സരം. നാളെ പുലർച്ചെ 3.30 ന് നടക്കുന്ന മത്സരത്തിൽ നോർവേ-ഇറാഖിനെയും, 6.30 ന് അർജൻറീന-അൾജീരിയയെയും നേരിടും. ഇന്ന് രാവിലെ നടന്ന ഇറാൻ- ന്യൂസിലൻഡ് മത്സരം സമനിലയിൽ കലാശിച്ചു.

## ICC T - 20

ഐസിസി- ടി 20 വനിതാ വേൾഡ് കപ്പ് ക്രിക്കറ്റിൽ ഇന്ന് രണ്ടു മത്സരങ്ങൾ. ആദ്യ മത്സരത്തിൽ ടോസ് നേടിയ ന്യൂസിലാൻഡ് ശ്രീലങ്കയെ ബാറ്റിംഗിനയച്ചു.

രാത്രി 11 മണിക്ക് നടക്കുന്ന രണ്ടാം മത്സരത്തിൽ ഇംഗ്ലണ്ട് അയർലണ്ടിനെ നേരിടും.

## SHIVRAJ - KHARIF

ഈ വർഷത്തെ ഖാരിഫ് സീസണിന് മുന്നോടിയായുള്ള തയ്യാറെടുപ്പുകൾ വിലയിരുത്താൻ കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാന്റെ നേതൃത്വത്തിൽ ഇന്ന് ന്യൂഡൽഹിയിൽ ഉന്നതതല അവലോകന യോഗം ചേർന്നു. പ്രതികൂല കാലാവസ്ഥയിൽ നിന്ന് കൃഷിയെയും കർഷകരെയും സംരക്ഷിക്കുന്നതിന് ആവശ്യമായ എല്ലാ നടപടികളും മുൻകൂട്ടി സ്വീകരിക്കണമെന്ന് ശ്രീ ചൗഹാൻ നിർദ്ദേശിച്ചു.

## IRAN US DEAL - LEBANON

അമേരിക്കയുമായി ഒപ്പുവെച്ച കരാറിന്റെ ഭാഗമായി ഇസ്രായേൽ ലെബനനിൽ നിന്ന് പിന്മാറണമെന്ന് ഇറാൻ. തെക്കൻ ലെബനനിൽ ഇസ്രായേൽ തുടരുന്ന അധിനിവേശം അമേരിക്കയും ഇറാനും തമ്മിലുള്ള ധാരണാപത്രത്തിന്റെ ലംഘനമാണെന്നും ഇറാൻ വിദേശകാര്യ മന്ത്രി അബ്ബാസ് അരാഗ്ചി പറഞ്ഞു. അതേസമയം, കരാറിനെ യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ തീരുമാനമാണെന്ന് ഇസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു വിശേഷിപ്പിച്ചു, ഇസ്രായേലിന് സ്വന്തമായ മുൻഗണനകളുണ്ടെന്നും ആവശ്യമുള്ളിടത്തോളം കാലം ലെബനനിൽ തുടരുമെന്നും അഭിപ്രായപ്പെട്ടു.

## MANDAVIYA-CYCLOTHON -Yoga

അന്താരാഷ്ട്ര യോഗ ദിനത്തിന് മുന്നോടിയായി നാളെ മുംബൈയിലെ വോർലി സൈക്കിൾ ട്രാക്കിൽ ഫിറ്റ് ഇന്ത്യ സൈക്ലത്തോൺ നടക്കും. കേന്ദ്ര മന്ത്രി മൻസുഖ് മാണ്ഡവ്യ പരിപാടി ഉദ്ഘാടനം ചെയ്യും. വിവിധ മേഖലകളിൽ നിന്നുള്ള 250 തോളം സൈക്ലിസ്റ്റുകൾ മന്ത്രിയോടൊപ്പം പരിപാടിയുടെ ഭാഗമാകും.

## SENSEX

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 544 പോയിൻറ് ഉയർന്ന് 76,808 ലും, നിഫ്റ്റി 135 പോയിൻറ് നേട്ടത്തിൽ 23,989 ലും വ്യാപാരം അവസാനിപ്പിച്ചു.

സ്വർണവില കുറഞ്ഞു. പവന് 120 രൂപ കുറഞ്ഞ് ഒരു ലക്ഷത്തി 11,000 രൂപയും ഗ്രാമിന് 13,875 രൂപയുമാണ് ഇന്നത്തെ വില.